പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2057

07.12.2015-ൽ മറുപടിക്ക്.

# പോലീസ് ഔട്ട് പോസ്റ്റ് നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ.എം.ആരിഫ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) അരൂർ മണ്ഡലത്തിലെ ദ്വീപ് പഞ്ചായത്തായ പെരുമ്പളത്ത് ഒരു പോലീസ് ഔട്ട് പോസ്റ്റ് നിർമ്മിക്കണമെന്നുള്ള അപേക്ഷയിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ഇല്ലെങ്കിൽ ആയതിനുള്ള സത്വര നടപടി സ്വീകരിക്കുമോ? | (എ)& (ബി) അരൂർ മണ്ഡലത്തിലെ ദ്വീപ് പഞ്ചായത്തായ പെരുമ്പളത്ത് ഒരു പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിയ്ക്കണമെന്ന അപേക്ഷ വകുപ്പുതലത്തിൽ പരിശോധിക്കുകയും അവിടെ 6 പി.സിമാരും 2 എച്ച്.സിമാരുമടങ്ങുന്ന ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിയ്ക്കാവുന്നതാണ് എന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. എന്നിരിക്കിലും പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് നടത്തിവരുന്ന വർക്ക് സ്റ്റഡി റിപ്പോർട്ട് ലഭിച്ച ശേഷം, മുൻഗണനാക്രമത്തിൽ, പുതിയ പോലീസ് സ്റ്റേഷനുകൾ/ഔട്ട് പോസ്റ്റുകൾ ആരംഭിച്ചാൽ മതിയെന്ന് സർക്കാർ തത്വത്തിൽ തീരുമാനമെടുത്തിട്ടുള്ളതിനാൽ പ്രസ്തുത വർക്ക് സ്റ്റഡി റിപ്പോർട്ട് ലഭിച്ച ശേഷം മാത്രമേ പെരുമ്പളത്ത് പോലീസ് ഔട്ട് പോസ്റ്റ് ആരംഭിയ്ക്കുന്ന വിഷയം പരിശോധിയ്ക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ